**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2484** **15-10-2024 - ൽ മറുപടിയ്ക്ക്**

**കേരള ബ്രാൻഡിംഗിലൂടെ ആഗോള വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തു നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് ആഗോള ഗുണനിലവാരം കൊണ്ടുവരാനും അതുവഴി വിപണനസാധ്യത വർധിപ്പിക്കുവാനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്, കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ/ നൽകുന്ന സേവനങ്ങൾ എന്നിവയ്ക്ക് ഒരു ആഗോള ഗുണനിലവാരം കൊണ്ട് വരികയും, അതുവഴി ഈ ഉത്പന്നങ്ങൾക്ക്/സേവനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ ഉള്ള വിപണന സാധ്യത കൂട്ടുകയും എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരളാ ബ്രാൻഡ്. ഉയർന്ന ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്വപരമായ വ്യാവസായിക രീതികൾ എന്നിവ പാലിച്ചുകൊണ്ട് കേരളത്തിലെ സംരംഭകർ നിർമ്മിക്കുന്ന ഉത്പന്നങ്ങളെയും/നൽകുന്ന സേവനങ്ങളെയും ആഗോള വിപണിയിലെ ഉപഭോക്താക്കൾക്ക് പരിചയ പ്പെടുത്തുകയും, ഇതിലൂടെ കേരളത്തിലെ വ്യവസായ ങ്ങൾക്ക് പൊതുവായി ഒരു സ്വത്വം സൃഷ്ടിച്ചെടുക്കുകയും ആണ് കേരള ബ്രാൻഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഗുണമേന്മ, ധാർമ്മികത, ഉത്തരവാദിത്ത വ്യാവസാ യിക സമ്പ്രദായങ്ങൾ എന്നിവയിൽ കേരളത്തിന്റെ പ്രതിബദ്ധത ഇത് പ്രകടമാക്കുകയും സംസ്ഥാനത്തെ തദ്ദേശീയ ഉൽപന്നങ്ങൾക്ക് സവിശേഷമായ ഐഡന്റിറ്റി സൃഷ്ടിച്ചുകൊണ്ട് ആഗോള വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ സംരംഭങ്ങളെ പ്രാപ്തരാക്കുകയും ചെയ്യും. |
| (ബി) | കേരള ബ്രാൻഡിംഗിലൂടെ വിപണിയും ഗുണനിലവാരവും ഉറപ്പാക്കി ഉല്പാദകനെയും ഉപഭോക്താവിനെയും സഹായിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ; | (ബി) | ഏതൊരു വകുപ്പിനും/ഏജൻസിക്കും ആ വകുപ്പിന്റെ മേഖലകളുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾ/ സേവനങ്ങൾ കേരള ബ്രാൻഡിന് കീഴിൽ അവതരിപ്പിക്കാൻ കഴിയും. ബന്ധപ്പെട്ട വകുപ്പ്(കൾ) നിർദ്ദേശിക്കുന്ന ഉൽപ്പന്നങ്ങൾ/ സേവനങ്ങൾക്കായുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റി |

| | | | |
|---|---|---|---|
| | | | പരിശോധിച്ച അംഗീകാരം നൽകും. കേരള ബ്രാൻഡിന് പരിഗണിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ/ സേവനങ്ങൾ, വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നവ ആയിരിക്കണം. കേരള ബ്രാൻഡിനുള്ള അപേക്ഷകൾ ഒരു താലൂക്ക്തല സെലക്ഷൻ കമ്മിറ്റി പരിഗണിക്കുകയും അതാത് ഉൽപ്പന്നത്തിന്/ സേവനത്തിനു സംസ്ഥാനതല കമ്മിറ്റി അംഗീകരിച്ചിട്ടുള്ള മാനദണ്ഡത്തെ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് നൽകുകയും ചെയ്യും.<br><br>കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ ലഭിക്കുന്ന ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ സേവനങ്ങൾക്ക് ഇനി പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കും:<br><br>1. ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ "മെയ്ഡ് ഇൻ കേരള" എന്ന തനതായ ബ്രാൻഡ് നാമത്തിൽ അവരുടെ ഉൽപ്പന്നങ്ങളോ സേവനങ്ങളോ വിപണനം ചെയ്യാൻ കഴിയും.<br><br>2. ഉയർന്ന നിലവാരമുള്ള സർട്ടിഫിക്കേഷനുകൾ നേടുന്നതിനുള്ള സാമ്പത്തിക സഹായം, അത് കയറ്റുമതി മെച്ചപ്പെടുത്തുന്നതിന് കൂടുതൽ സഹായിക്കും.<br><br>അന്താരാഷ്ട്ര വ്യാപാര മേളകളിലും മാർക്കറ്റിംഗ് എക്സ്പോകളിലും പ്രദർശിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ/സേവനങ്ങളുടെ പട്ടികയിൽ പരിഗണിക്കപ്പെടും |
| (സി) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന എല്ലാ ഉല്പന്നങ്ങളെയും കേരള ബ്രാൻഡിംഗിലേക്ക് കൊണ്ടുവരുന്നതിനായി പ്രോട്ടോക്കോളുകൾ രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; കേരള ബ്രാൻഡിംഗിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (സി) | ഉണ്ട്, എല്ലാ മേഖലയിൽ നിന്നും ഉള്ള ഉത്പന്നങ്ങൾ പാലിക്കേണ്ട പൊതുവായ (ജനറൽ) മാനദണ്ഡങ്ങൾ ഉണ്ടാവും, അതാതു മേഖലയ്ക്കുള്ള പ്രത്യേക (സെക്ടർ സ്പെസിഫിക്) മാനദണ്ഡങ്ങൾ ഉണ്ടാവും. അത് കൂടാതെ കേരള ബ്രാൻഡിന്റെ ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്വ വ്യവസായം എന്നിവ ഉറപ്പാക്കുന്ന ഒരു ചെക്ക് ലിസ്റ്റ് ഉണ്ടാവും. കേരള ബ്രാൻഡിന് കീഴിൽ വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കണം. |
| (ഡി) | പരമ്പരാഗത വ്യവസായം, കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ എന്നീ മേഖലകളുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ മേഖലകളിൽ കേരള ബ്രാൻഡിംഗിലൂടെ പുതിയ ഉല്പന്നങ്ങൾ അവതരിപ്പിക്കുന്നതിനുള്ള സംരംഭകത്വം | (ഡി) | പരമ്പരാഗത വ്യവസായമായ കരകൗശല, കശുവണ്ടി, ബാംബൂ മേഖലകളിൽ ഗുണമേന്മ ഉള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും ഈ മേഖലയുടെ നവീകരണത്തിനും വിവിധതരം പദ്ധതികൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. |

പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കരകൗശല മേഖലയിൽ "ആശാ പദ്ധതി"ഏർപ്പെടുത്തിയതു വഴിയും ഈ മേഖലയിലെ വിദഗ്ദ്ധരെ തിരഞ്ഞെടുത്ത് അവാർഡുകൾ നൽകുന്നത് വഴി മേഖലയുടെ ആധുനികവൽക്കരിക്കുന്നതിനും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും കഴിഞ്ഞു.

ബാംബൂ മേഖലയിൽ ഉൽപ്പന്നങ്ങളുടെ വിപണനത്തിനും പ്രചാരണത്തിനുമായി ബാംബൂ ഫെസ്റ്റ് "സംഘടിപ്പിച്ചും Kbip വഴി ഉൽപ്പന്ന വൈവിധ്യ വൽക്കരണത്തിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും പരിശീലനം നൽകുക വഴിയും ഈ മേഖലയിൽ പുതിയ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനും ഈ മേഖലയുടെ നവീകരണത്തിനും വഴികൾ തുറന്നിട്ടു.

കശുവണ്ടി മേഖലയിൽ

(1)ചെറുകിട ഇടത്തരം ഫാക്ടറികൾക്ക് നവീകരണത്തിനായി മൂലധനഗ്രാന്റും , പലിശ സബ്സിഡിയും, പുതിയ സാങ്കേതിക വിദ്യ നടപ്പാക്കുന്നതിനും Scheme for capital grants and interest subvention to small and medium cashew factory units for rebuilding lost livelihood എന്ന പദ്ധതിയിൽ 40% ജനറൽ വിഭാഗത്തിനും 50 % SC/ ST / Women / Youth / Differently abled വിഭാഗങ്ങൾക്കും അനുവദിക്കുന്നു .

(2)സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേല്പ് പദ്ധതി പ്രകാരം കശുവണ്ടി വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി മാനേജ്മെന്റ് /അക്കാദമിക രംഗത്തെ വിദഗ്ധർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായി 2022-23 ലെ ബജറ്റിൽ 30.00 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ച് നടപ്പാക്കിവരുന്നു.

കാർഷിക മൂല്യവർദ്ധിത വ്യവസായ മേഖലകളുടെ നവീകരണത്തിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**1.<u>സ്കെയിൽ അപ്പ് മിഷൻപദ്ധതി, മിഷൻ 1000</u>**

കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷംകോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻപദ്ധതി, മിഷൻ 1000 വിഭാവനം ചെയ്തിട്ടുള്ളത്.

സ്കെയിൽ അപ്പ് മിഷനിലേക്ക് തിരഞ്ഞെടുക്ക പ്പെടുന്നതിന് MSME-കൾക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ:

1. UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം
2. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരി ച്ചിരിക്കണം
3. ഉത്പാദന മേഖലയിലോ സേവന മേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം

**2<u>. പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി (പി.എം.എഫ്.എം.ഇ. പദ്ധതി).</u>**

വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) പദ്ധതി വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാ ബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി.

ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ആവശ്യമായ സഹായ സഹകരണങ്ങൾക്കു നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പദ്ധതി നിർവ്വഹണത്തിൽ ജില്ലാ നോഡൽ പോയിന്റായി പ്രവർത്തിക്കുന്നു. ഗുണഭോക്താക്കൾക്ക് ഹാൻഡ് ഹോൾഡിംഗ് പിന്തുണ ലഭ്യമാക്കുന്നതിനായി ജില്ലാ തലത്തിൽ റിസോഴ്സ് പേഴ്സൺസിനെ (D.R.P.) നിയമിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനും, ബാങ്ക് വായ്പ എടുക്കുന്നതിനും, FSSAI യുടെ ഭക്ഷ്യ മാനദണ്ഡങ്ങളും, ഉദ്യോഗ് ആധാർ, ജി.എസ്.ടി. തുടങ്ങിയുള്ള ആവശ്യമായ രജിസ്ട്രേഷനും ലൈസൻസുകളും നേടുന്നതിനും ഈ

റിസോഴ്സ്പേഴ്സൺ വ്യക്തിഗത യൂണിറ്റുകൾക്കും സംഘങ്ങൾക്കും ഹാൻഡ് ഹോൾഡിംഗ് പിന്തുണ നൽകുന്നതാണ്.

പ്രസ്തുത പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും താഴെ പറയുന്നു.

1. **വ്യക്തിഗത സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി** - പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% പരമാവധി പരിധി 10 ലക്ഷം രൂപ.
2. **ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs)/ പ്രൊഡ്യൂസർ കോപ്പറേറ്റീവ്സ്**
3. പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി
4. **സ്വയം സഹായ ഗ്രൂപ്പുകൾ (സ്വയം സഹായ സംഘങ്ങൾ)** -പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വാശ്രയസംഘത്തിലെ ഓരോ അംഗത്തിനും 40,000 രൂപ ഈ പദ്ധതി പ്രകാരം നൽകും
5. **വ്യക്തിഗത SHG അംഗത്തിനുള്ള പിന്തുണയും സ്വാശ്രയ തലത്തിലുള്ള ഫെഡറേഷനു മൂലധന നിക്ഷേപത്തിനുള്ള പിന്തുണയും** - ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് @ 35%, പരമാവധി തുക 10 ലക്ഷം രൂപ
6. **പൊതു ഇൻഫ്രാസ്ട്രക്ചറിനുള്ള സഹായം** - എഫ്പിഒകൾ, സ്വാശ്രയസംഘങ്ങൾ, സഹകരണസംഘങ്ങൾ, ഏതെങ്കിലും സർക്കാർ ഏജൻസി അല്ലെങ്കിൽ സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് പരമാവധി 3 കോടി രൂപ നൽകുന്നു. പദ്ധതി ചെലവ് 10 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.
7. **ബ്രാൻഡിംഗ്, മാർക്കറ്റിംഗ് എന്നിവയ്ക്കുള്ള സഹായം-** എഫ്പിഒകൾ/സ്വാശ്രയ സംഘങ്ങൾ/സഹകരണ സംഘങ്ങൾ അല്ലെങ്കിൽ മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസുകളുടെ SPV എന്നിവയ്ക്കാണ് സഹായം നൽകുന്നത്. പദ്ധതി ചെലവിന്റെ 50% ആണ് പരമാവധി സഹായം.

**3. <u>കേരളാ ബ്രാൻഡ്.</u>**

| | | | |
|---|---|---|---|
| | | | കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനു സഹായിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കേരള ബ്രാൻഡ്. ടി പദ്ധതിയുടെ പൊതുവായ നിർദ്ദേശങ്ങൾക്ക് 02.06.2023 ലെ GO (Ms) No.37/2023/ID ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടമായി വെളിച്ചെണ്ണയാണ് കേരളാ ബ്രാൻഡ് നൽകുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്. വെളിച്ചെണ്ണ നിർമ്മാണ സ്ഥാപനങ്ങൾക്ക് കേരളാ ബ്രാൻഡ് നൽകുന്നതിന് അവ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംസ്ഥാന തലത്തിൽ അംഗീകരിച്ച് G.O (Rt) No. 1237/2023/ID തീയതി 07-12-2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഈ മേഖലകളിൽ കേരളാ ബ്രാൻഡിംഗിലൂടെ പുതിയ ഉത്പ്പന്നങ്ങൾ അവതരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ